**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**2019 ഒക്ടോബർ 29 , ചൊവ്വ**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

## മെഡിസെപ് പദ്ധതി

**ചോദ്യം :T 548**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ച മെഡിസെപ് പദ്ധതി ഇതുവരെ ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി , 15.07.2019 ലെ സ.ഉ( പി ) നം. 87/2019/ധന പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏത് കമ്പനിക്കാണ് നൽകിയത്; പ്രസ്തുത ടെൻഡർ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വിശദമാക്കാമോ; | |
| (സി) | റിലയൻസ് ഇൻഷ്വറൻസ് കമ്പനിക്ക് ഈ പദ്ധതി നൽകിയത് സംബന്ധിച്ച ആക്ഷേപം വസ്തുതാപരമാണെന്ന് ടെൻഡർ റദ്ദാക്കാനിടയായ സാഹചര്യത്തിലൂടെ വ്യക്തമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികളിലൂടെയാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത് . എന്നാൽ ആർ.എഫ്.പി (Request For Proposal)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് റിലയൻസ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തത് . മറിച്ചുള്ള ആക്ഷേപം വസ്തുതാപരമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടില്ല . |
| (ഡി) | സമയബന്ധിതമായി മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായതിൻ പ്രകാരം പദ്ധതി നടത്തിപ്പിനായി പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദർ , സർവീസ് പെൻഷൻ സംഘടനകൾ എന്നിവയുമായുള്ള ചർച്ചകൾ |

| | | |
|---|---|---|
| | | തുടങ്ങിയവയ്ക്ക് ശേഷം ആർ.എഫ്.പി (REQUEST FOR PROPOSAL) തയ്യാറാക്കുകയും ഇതിനെ അടിസ്ഥാനമാക്കി 01.01.2019-ന് ഇ-ടെണ്ടർ (Tender ID 2019_FIN_258705_1) ആയി ആർ.എഫ്.പി പരസ്യപ്പെടുത്തി പ്രൊപ്പോസലുകൾ ക്ഷണിക്കുകയുണ്ടായി . പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48/- രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27.04.2019-ലെ 49/2019/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയും 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി , 15.07.2019 ലെ 87/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുകയും ചെയ്തു. എന്നാൽ ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. കൂടാതെ വളരെ താഴ്ന്ന ചികിത്സാ നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടു നിൽക്കുന്നതിനിടയാക്കി .ആയതിനാൽ പദ്ധതിയുടെ ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് കമ്മിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു . |

**സെക്ഷൻ ഓഫീസർ**